# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.200** **04.05.2017-ൽ മറുപടിയ്ക്ക്**

## സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം.രാജഗോപാലൻ<br>ശ്രീ. എൻ.വിജയൻ പിള്ള | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കാൻ ഇതര സംസ്ഥാന ലോട്ടറി മാഫിയ ആസൂത്രിതമായ നീക്കം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ടിക്കറ്റുകളിൽ തിരിമറി നടത്തി സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കുന്നതിലേയ്ക്ക് നയിക്കാൻ സാദ്ധ്യതയുള്ള കുറ്റകൃത്യങ്ങൾ ഒറ്റപ്പെട്ടവയാണെങ്കിലും സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത്തരം സംഭവങ്ങൾക്ക് ആസൂത്രിത സ്വഭാവമുണ്ടോ എന്ന കാര്യം പ്രത്യേക അന്വേഷണ സംഘം പരിശോധിക്കുകയും ജാഗ്രത കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഭാഗ്യക്കുറിയുടെ താഴ്ന്ന സമ്മാനങ്ങൾ ഏജന്റുമാർ ടിക്കറ്റ് സമാഹരിച്ച് വിതരണം ചെയ്യാറുണ്ട്. ഇത് പിന്നീട് ലോട്ടറി ഓഫീസിൽ സമർപ്പിക്കുമ്പോഴാണ് വെട്ടിപ്പ് വ്യക്തമാകുന്നത്. ഇതുമൂലം ഏജന്റുമാർക്ക് നഷ്ടം സംഭവിക്കാറുണ്ട്. ഇതിന് ശാശ്വത പരിഹാരം കാണാൻ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ മുന്നേറുകയാണ്. ഇത് സംബന്ധമായ പരിശീലനവും ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്. |
| (ബി) | കേരള ഭാഗ്യക്കുറിയുടെ വ്യാജടിക്കറ്റ് അച്ചടിച്ച് വ്യാപകമായി വിതരണം ചെയ്ത് ഇവർ ഏജന്റുമാരെയും വിൽപ്പനക്കാരെയും കബളിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തിനകത്ത് ഇത്തരത്തിലുള്ള സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി എ.ഡി.ജി.പി. (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും, ജില്ലകളിൽ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ഭാഗ്യക്കുറി, പോലീസ്, വാണിജ്യ നികുതി വകുപ്പ് ജീവനക്കാരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജില്ലാതല മോണിറ്ററിംഗ് |

| | | | |
|---|---|---|---|
| | | | സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ഈ സമിതികൾ യോഗം ചേർന്ന് അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത്, ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നുണ്ട്. |
| (ഡി) | ഈ പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും സഹകരണവും പിന്തുണയും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ജില്ലാതല മോണിറ്ററിംഗ് സമിതിയിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച അറിവ് നൽകുന്നതിനും കേസുകൾ കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും ഏജന്റുമാരും വിൽപ്പനക്കാരും സഹായിക്കുന്നുണ്ട്. ഇവരുടെ സഹകരണത്തോടെ വ്യാജ ടിക്കറ്റ് നിർമ്മാതാക്കളെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ.**